## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3124 — 3/4/2013 - ൽ മറുപടിയ്ക്ക്

## കൊപ്രാ സംഭരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>,, അൻവർ സാദത്ത്<br>,, ആർ. സെൽവരാജ്<br>,, എം. പി. വിൻസന്റ് | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| കൊപ്രാ സംഭരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്? | കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമാണ് സംസ്ഥാനത്ത് കൊപ്രസംഭരണം നടപ്പിലാക്കുന്നത്. 2012 സീസണിലേക്ക് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപ നിരക്കിലും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപ നിരക്കിലും നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ് ഫെഡും മുഖേനയാണ് കൊപ്രസംഭരണം നടത്തിയിരുന്നത്. ഇതു പ്രകാരം കേരഫെഡും മാർക്കറ്റ് ഫെഡും സഹകരണസംഘങ്ങളിലൂടെ 18143.11 ടൺ കൊപ്ര സംഭരിച്ചിട്ടുണ്ട്. സംഭരിക്കുന്ന നാളികേരം കൊപ്രയാക്കി നാഫെഡിനു കൈമാറുന്നു. സംഭരണ-സമയത്തുണ്ടാകുന്ന ബുദ്ധിമുട്ടുകൾ |

പരിഹരിക്കുന്നതിനായി സംഘങ്ങൾക്ക് നാഫെഡ് നൽകുന്ന 27 രൂപയ്ക്ക് പുറമേ ചാക്കൊന്നിന് 10 രൂപ വീതം അധികമായി നൽകുന്നതിനും സഹകരണസംഘങ്ങളിലൂടെ സംഭരിക്കുന്ന കൊപ്രയ്ക്ക് ക്വിന്റലിന് 500 രൂപ നിരക്കിൽ ഇൻസന്റീവും സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. 2013 സീസണിലേക്ക് കേന്ദ്രസർക്കാർ കൊപ്രയ്ക്ക് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില, മില്ലിംഗ് കൊപ്രയ്ക്ക് ക്വിൻറലിന് 5250 രൂപയും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 5500 രൂപയുമാണ്.

സെക്ഷൻ ഓഫീസർ